## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 511** | **20-03-2023 - ൽ മറുപടിയ്ക്ക്**

## കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ജി സ്റ്റീഫൻ,<br>ഡോ. കെ. ടി. ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസേചന, ജലവിതരണ രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പങ്ക് വിശദമാക്കാമോ; | (എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനവും, ജലസേചന വകുപ്പിന്റെയും, ടൂറിസം വകുപ്പിന്റെയും സ്പെഷ്യൽ പർപ്പസ് വെഹിക്കിളും (എസ്.പി.വി.) ആണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ടൂറിസം വകുപ്പ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഹരിത കേരള മിഷൻ തുടങ്ങിയവയുടെ പ്രോജെക്ട് മാനേജ്മെൻറ് കൺസൽട്ടൻറ് (പി.എം.സി.) കൂടിയാണ്. പ്രസ്തുത വകുപ്പുകൾക്കായി കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ടൂറിസം ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് വിവിധ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ 125 ജീവനക്കാർ കെ.ഐ.ഐ.ഡി.സി.യിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതിനാൽ കെ.ഐ. ഐ. ഡി. സി. ഏറ്റെടുക്കുന്ന പദ്ധതികൾ കാര്യക്ഷമമായും കൃത്യതയോടെ കൂടിയും നടപ്പിലാക്കുവാൻ സാധിക്കുന്നു. |
| (ബി) | ജലസേചന മേഖലയിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; | (ബി) | ജലസേചന മേഖലയിൽ കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതികളാണ്: തീരദേശ സംരക്ഷണ പദ്ധതികൾ/ കടലാക്രമണ നിരോധന പ്രവൃത്തികൾ. റെഗുലേറ്റർ / റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതികൾ. കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ. കനാൽ നവീകരണ പദ്ധതികൾ. ഡാം റിസെർവോയർ ഡിസിൽറ്റേഷൻ പദ്ധതികൾ. ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കുപ്പിവെള്ളം പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 'ഹില്ലി അക്വാ' എന്ന കുപ്പിവെള്ളത്തിന്റെ ഉല്പാദനവും വിതരണവും നടത്തി വരുന്നു. നിലവിൽ രണ്ടു കുപ്പിവെള്ള ഫാക്ടറികൾ ഇടുക്കി ജില്ലയിലെ തൊടുപുഴയിലും തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലും പ്രവർത്തിപ്പിച്ചു വരുന്നു. ഇവ കൂടാതെ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിൽ മറ്റൊരു കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ന്യായവിലയ്ക്ക് കുടിവെള്ളം ലഭ്യമാക്കാനായി തൊടുപുഴയിലും പാട്ടം വ്യവസ്ഥയിൽ അരുവിക്കരയിലും നടത്തുന്ന | (സി) | ഗുണമേന്മ ഉള്ള കുപ്പിവെള്ളം കുറഞ്ഞ വിലയിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി സർക്കാർ മേഖലയിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ ആരംഭിക്കുക എന്ന ഉദ്ദേശത്തോടുകൂടി കെ.ഐ.ഐ.ഡി.സി.യുടെ കീഴിൽ പൊതുമേഖലയിലെ ആദ്യത്തെ |

കുടിവെള്ള ഉല്പാദനവും വിതരണവും പൊതു വിപണിയിൽ സ്വകാര്യ കമ്പനികൾ കുപ്പി വെള്ളത്തിന് അമിത വില ഈടാക്കുന്നത് നിയന്ത്രിക്കാൻ പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ;

കുപ്പിവെള്ള നിർമ്മാണ ഫാക്ടറി ആയ 'ഹില്ലി അക്വാ' ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ 2015 ഓഗസ്റ്റിൽ പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 2020 ൽ കേരള ജല അതോറിറ്റി അരുവിക്കരയിൽ സ്ഥാപിച്ച 7200 LPH കുപ്പിവെള്ള നിർമ്മാണ ഫാക്ടറിയുടെ നടത്തിപ്പ് കെ.ഐ.ഐ.ഡി.സി യെ 7 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഹില്ലി അക്വയുടെ വിതരണത്തിനായി വിവിധ ജില്ലകളിൽ അംഗീകൃത വിതരണക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ജയിൽ മൊബൈൽ യൂണിറ്റുകൾ വഴിയും ഫാക്ടറി ഔട്ട് ലെറ്റ് വഴിയും വിൽപ്പന നടത്തി വരുന്നു. നിലവിലെ കുപ്പിവെള്ളങ്ങളുടെ വിലവിവര പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കുപ്പിവെള്ളത്തിന്റെ അളവ് | പൊതു വിപണിയിലെ വില | വില |
|---|---|---|---|
| 1 | 1000 ML | 20.00 രൂപ | 15.00 രൂപ |
| 2 | 2000 ML | 35.00 രൂപ | 25.00 രൂപ |
| 3 | 500 ML | 10.00 രൂപ | 10.00 രൂപ |
| 4 | 20 ലിറ്റർ ജാർ | 70.00 രൂപ | 60.00 രൂപ |

നിലവിലെ സ്ഥിതി അനുസരിച്ച് പൊതു വിപണിയിലെ ആവശ്യകത കണക്കിലെടുക്കുമ്പോൾ ‘ഹില്ലി അക്വയുടെ’ ഉല്പാദനവും വിതരണവും വളരെ കുറവാണ്. എന്നിരുന്നാലും നിലവിലുള്ള ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിപണിയിൽ പല സ്വകാര്യ കമ്പനികൾ കുപ്പി വെള്ളത്തിന് അമിത വില ഈടാക്കുന്നത് നിയന്ത്രിക്കാൻ ഹില്ലി അക്വയുടെ വിതരണത്തിലൂടെ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ കുപ്പിവെള്ള ഉല്പാദനം വർദ്ധിപ്പിച്ച് വിപണന ശൃംഖല കാര്യക്ഷമമാക്കി സ്വകാര്യ കമ്പനികളുടെ ചൂഷണം നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഡി) സർക്കാർ സംരംഭമായ ‘ഹില്ലി അക്വാ’ കൂടുതൽ കാര്യക്ഷമമായി ഉല്പാദനവും വിതരണവും നടത്തുന്നതിന് വേണ്ട നടപടികൾ കൈകൊണ്ടു വരുന്നുണ്ട്. തൊടുപുഴ പ്ലാന്റിൽ നിലവിലെ പ്രൊഡക്ഷൻ ലൈനിനു പുറമെ പുതുതായി ഒരു പ്രൊഡക്ഷൻ ലൈൻ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഈ ലൈൻ പ്രാവർത്തികമാകുന്നതിലൂടെ നിലവിലുള്ള ഉത്പാദനം ഇരട്ടി ആക്കാൻ സാധിക്കും.

അരുവിക്കര ഫാക്ടറിയിൽ നിലവിൽ 3 പ്രൊഡക്ഷൻ ലൈനുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ നിലവിലെ ഉല്പാദന ശേഷി ആയ 7500 LPH നവീകരിച്ച് 15000 LPH ലേക്ക് ഉത്പാദനം ഇരട്ടിപ്പിക്കുവാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ രണ്ടു പ്ലാന്റുകൾ കൂടാതെ കേരളത്തിൽ പുതിയതായി കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പെരുവണ്ണാമൂഴിയിൽ പുതുതായി ഒരു കുപ്പിവെള്ള പ്ലാന്റ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗതിയിലാണ്.

| | | | |
|---|---|---|---|
| | | | പുതിയ പ്ലാന്റ് ആരംഭിക്കുന്നതോട്ടു കൂടി വടക്കൻ ജില്ലകളിൽ സർക്കാർ കുപ്പിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ